**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1137** **09-10-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം പുനരധിവാസ പദ്ധതിയും കട്ടമരത്തൊഴിലാളികളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ വി ജോയി,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ എം മുകേഷ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം പുനരധിവാസ പദ്ധതിയുടെ ഭാഗമായി മത്സ്യ തൊഴിലാളികളുടെ പുനരധിവാസത്തിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | ജീവനോപാധി നഷ്ടമാകുന്നവരെ കണ്ടെത്താൻ റവന്യൂ ഡിവിഷണൽ ഓഫീസർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ Livelihood Impact Appraisal Committee (LIAC) യേയും ഇതിന്മേലുയരുന്ന അപ്പീലുകൾ പരിഗണിച്ച് പരിശോധിക്കുന്നതിന് ജില്ലാ കളക്ടർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ Livelihood Impact Appeal Committee (LIAC) അപ്പീൽ കമ്മറ്റിയേയും സർക്കാർ ചുമതലപ്പെടുത്തുകയുണ്ടായി. ടി കമ്മറ്റി അംഗീകരിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാന ത്തിൽ വിവിധ വിഭാഗങ്ങളിലായി നാളിതുവരെ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള ആകെ 2702 പദ്ധതി ബാധിതർക്ക് 107.14 കോടി രൂപ ജീവനോപാധി നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ട്.<br><br>വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളെ തുടർന്ന് തൊഴിലും വരുമാനവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കൈത്താങ്ങ് എന്ന നിലയിൽ പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ഉന്നമനത്തിനായി നിരവധി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ പ്രധാന മേഖലകളിലെ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കട്ടമരത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | പുലിമുട്ട് നിർമ്മാണം നടക്കുന്ന 2 വർഷക്കാലം ഇവർക്കുണ്ടാകുന്ന അസൗകര്യങ്ങൾക്കും പുന:ക്രമീകരണങ്ങൾക്കുമായി 82,440 രൂപയാണ് LIAC റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നത്. (കൂലി 229 രൂപ X 180 ദിവസം X 2 വർഷം = 82,440 രൂപ). |

| | | | |
|---|---|---|---|
| | | | എന്നാൽ, ചിപ്പിത്തൊഴിലാളികളിൽ നിന്നും വിഭിന്നമായി കട്ടമര ഉടമകൾക്കു ഭാഗിക ജീവനോപാധി നഷ്ടം മാത്രമാണ് സംഭവിക്കുക എന്ന LIAC അപ്പീൽ കമ്മറ്റിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെൻറ് ഗ്യാരണ്ടി സ്കീമിന്റെ ഇപ്പോഴത്തെ ദിനബത്തയായ 333 രൂപ അടിസ്ഥാനമാക്കി പ്രതിവർഷം 180 തൊഴിൽ ദിനങ്ങൾ എന്ന രീതിയിൽ കണക്കാക്കി പുലിമുട്ട് നിർമ്മാണം നീണ്ടുപോയ 7 വർഷത്തേക്ക് നഷ്ടപരിഹാരത്തുകയായി 4,20,000/- രൂപ (333/- രൂപ X 180 ദിവസം X 7 വർഷം = 4,19,580 ~ 4,20,000/-) യാണ് LIAC അപ്പീൽ സമിതി നിർണ്ണയിച്ച് സർക്കാർ ഉത്തരവായി വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | എത്ര കട്ടമരത്തൊഴിലാളികൾക്ക് ഇതിനകം ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (സി) | വിഴിഞ്ഞം സൗത്ത് മത്സ്യഗ്രാമത്തിലുള്ള 53 കട്ടമരത്തൊഴിലാളികൾക്ക് 4,20,000/- രൂപ വീതം ജീവനോപാധി നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. |
| (ഡി) | കട്ടമരത്തൊഴിലാളികളുടെ പരാതിയുമായി ബന്ധപ്പെട്ട വിഷയങ്ങളിലെ അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | കട്ടമര മത്സ്യബന്ധനവുമായി ബന്ധപ്പെട്ട്, PIU നടത്തിയ വിശദമായ പരിശോധനകൾക്കു ശേഷം ജീവനോപാധി നഷ്ടപരിഹാരത്തിന് അർഹരാണെന്ന് കണ്ടെത്തിയ 53 പേർക്ക് 4,20,000/- രൂപ വീതം ജീവനോപാധി നഷ്ടപരിഹാരം നൽകുവാൻ സർക്കാരിലേക്ക് ശുപാർശ ചെയ്യുവാൻ 31/08/2022, 11/07/2023 എന്നീ തീയതികളിൽ കൂടിയ LIAC അപ്പീൽ കമ്മറ്റി യോഗം തീരുമാനിക്കുകയും PIU സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് അംഗീകാരത്തിനായി സർക്കാരിൽ സമർപ്പിക്കുകയും ടി റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് 09/02/2023 ലെ സ.ഉ.(സാധാ)നം.125/2023/ F&PD പ്രകാരം സർക്കാർ ഉത്തരവായിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### 1.ജീവനോപാധി നഷ്ടപരിഹാരം

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം മൂലം തൊഴിൽ നഷ്ടപ്പെട്ട തദ്ദേശീയരായ മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽ അർഹരായ ചിപ്പി/ ലോബ്സ്റ്റർ വിഭാഗത്തിലെ കട്ടമരച്ചിപ്പിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി ആളൊന്നിന് 12,50,000/- രൂപയും കരച്ചിപ്പിത്തൊഴിലാളികൾക്ക് 2,00,000/- രൂപയും ചിപ്പിക്കച്ചവടക്കാർക്ക് 1,00,000/- രൂപയും വീതം 262 പേർക്ക് 12.36 കോടി രൂപയും കരമടിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി 916 പേർക്ക് 54.92 കോടി രൂപയും കട്ടമരത്തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 4,20,000/- രൂപ വീതം 48 പേർക്ക് 2.02 കോടി രൂപയും കരമടി അനുബന്ധ സ്ത്രീ ചുമട്ടുതൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 1,00,000/- രൂപ വീതം 11 പേർക്ക് 00.11 കോടി രൂപയും വിതരണം ചെയ്തു കഴിഞ്ഞു. നിർമ്മാണ കാലയളവിൽ പദ്ധതി പ്രദേശം ചുറ്റി പോകേണ്ടതിനാൽ 1221 മത്സ്യത്തൊഴിലാളികൾക്ക് 31.57 കോടി രൂപയുടെ മണ്ണെണ്ണ വിതരണം ചെയ്തിട്ടുണ്ട്. റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നാല് സ്വയം സഹായ സംഘങ്ങളിലെ 33 പേർക്ക് 0.08 കോടി രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം പദ്ധതി ബാധിത പ്രദേശങ്ങളിൽ ജീവനോപാധി നഷ്ടപരിഹാരമായി 107.14 കോടി രൂപ ഇതിനകം തന്നെ വിതരണം ചെയ്തു കഴിഞ്ഞു.

### 2. ആരോഗ്യം

നിലവിലെ വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ (CHC) യെ 100 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇവിടെ ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുകയും സ്റ്റാഫുകളെ നിയമിക്കുകയും ചെയ്താൽ പ്രവർത്തനം ആരംഭിക്കാവുന്നതാണ്. കൂടാതെ, കോട്ടപ്പുറം കുടുംബാരോഗ്യ കേന്ദ്രത്തിനോട് ചേർന്ന് തിരുവനന്തപുരം കോർപ്പറേഷൻ ഒരു ഹെൽത്ത് വെൽനെസ്സ് സെന്റർ സ്ഥാപിച്ചു കഴിഞ്ഞു. കൂടാതെ, വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി കോട്ടപ്പുറത്ത് ഒരു പകൽ വീട് സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി ഫിഷറീസ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനനുയോജ്യമായ സ്ഥലം വാങ്ങുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

### 3. വിദ്യാഭ്യാസം

കേരള സർക്കാരിന്റെ നൈപുണ്യ വികസന പരിശീലന കേന്ദ്രം (ASAP) VISL ലഭ്യമാക്കിയ കോട്ടപ്പുറത്തെ സ്ഥലത്ത് സ്ഥാപിച്ചു കഴിഞ്ഞു. പ്രദേശവാസികൾക്ക് മുൻഗണന നൽകി തുറമുഖാനുബന്ധ തൊഴിൽ പരിശീലനം ഈ കേന്ദ്രം മുഖേന നൽകി വരുന്നുണ്ട്.

**4.കുടിവെള്ളം**

തുറമുഖ പദ്ധതിയ്ക്കായി 7.3 കോടി രൂപ ചെലവിൽ നിർമ്മിച്ച 3.3 ദശ ലക്ഷം ലിറ്ററിന്റെ പ്ലാൻറിനു പുറമേ പദ്ധതി പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി കഴിഞ്ഞ വർഷം 1.74 കോടി രൂപ ചെലവിൽ ടി പ്രദേശത്തെ ഭൂരിഭാഗം വീടുകളിലും (1000 ൽപ്പരം) ജല വിതരണ കണക്ഷൻ നൽകിക്കഴിഞ്ഞു. ശേഷിക്കുന്ന ചുരുക്കം വീടുകളുടെ സർവ്വേ നടത്തി എസ്റ്റിമേറ്റ് ജല അതോറിറ്റി തയ്യാറാക്കി കണക്ഷനുകൾ നൽകി വരുന്നു.

**5. ശുചിത്വം**

പദ്ധതി പ്രദേശത്തെ മാലിന്യ നിർമ്മാർജ്ജനത്തിനായി വിപുലമായ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അനുവദിച്ച സ്ഥലത്ത് VISL ന്റെയും AVPPL ന്റെയും ചെലവിൽ ഒരു അജൈവ ഖര മാലിന്യ സംസ്കരണ കേന്ദ്രം (MRF) സ്ഥാപിക്കുന്നതിനായുള്ള പദ്ധതി തിരുവനന്തപുരം കോർപ്പറേഷൻ, ക്ലീൻ കേരള കമ്പനി, SEUF എന്നിവർ ചേർന്ന് നടപ്പിലാക്കി വരുന്നു. കോർപ്പറേഷന്റെ മേൽനോട്ടത്തിൽ തുടർ പരിപാലനം നടത്തുന്നതാണ്. ഖര മാലിന്യ സംസ്കരണ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണ ഘട്ടത്തിലാണ്.

**6.പാർപ്പിടം**

കോട്ടപ്പുറം പ്രദേശത്ത് ഭവന രഹിതരായ 1026 ൽപ്പരം ആളുകൾക്ക് LIFE മിഷൻ പദ്ധതിയിലൂടെ വീട് നൽകുവാനായി നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. LIFE പദ്ധതിയ്ക്ക് ആവശ്യമായ സ്ഥലം കണ്ടെത്തിക്കഴിഞ്ഞാൽ ടി 1026 പേർക്ക് മുൻഗണന നൽകി ഭവനങ്ങൾ വിതരണം ചെയ്യുന്നതാണ്.

**7.മണ്ണെണ്ണ വിതരണം**

വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിൽ നിന്നും പുറപ്പെടുന്ന യന്ത്രവൽകൃത യാനങ്ങൾക്ക് നിർമ്മാണ കാലയളവിൽ പുലിമുട്ട് ചുറ്റിപ്പോകേണ്ട സാഹചര്യം പരിഗണിച്ച് എഞ്ചിൻ ശേഷിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പ്രകാരം 2 വർഷത്തേക്ക് അനുവദിച്ച മണ്ണെണ്ണ വിതരണം ഒരു വർഷത്തേക്ക് കൂടി വർദ്ധിപ്പിച്ച് മത്സ്യഫെഡ് മുഖേന നടത്തി വരുന്നു. പുലിമുട്ട് നിർമ്മാണം പൂർത്തിയാകാത്ത സാഹചര്യത്തിൽ നാലാമത് ഒരു വർഷത്തേക്കു കൂടി മണ്ണെണ്ണ വിതരണം ചെയ്യുന്നതിനായി സർക്കാർ നടപടി സ്വീകരിച്ച് വരുന്നു.

**8.നിലവിലെ മത്സ്യബന്ധന തുറമുഖ നവീകരണവും പുതിയ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണവും**

നിലവിലെ മത്സ്യബന്ധന തുറമുഖം .ആധുനികവൽക്കരിച്ച് ആവശ്യമായ സൗകര്യങ്ങളോട് കൂടിയും ആവശ്യമായ അധിക ഫിഷ് ലാന്റിംഗ് സൗകര്യങ്ങളും,

ബർത്തുകളും, അനുബന്ധ സൗകര്യങ്ങളും സ്ഥാപിക്കുവാനുള്ള പദ്ധതി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്/ GoK, VISL എന്നിവർ ചേർന്ന് നടപ്പിലാക്കുന്നതാണ്. ഇതിനായി രണ്ട് പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഫിഷ് ലാന്റിംഗ് സെന്ററും തുറമുഖ സൗകര്യങ്ങളും CWPRS ന്റെ പഠന റിപ്പോർട്ടിനനുസരണമായി ഉണഭോക്താക്കളുമായി ചർച്ച നടത്തി തുടർ നടപടി സ്വീകരിക്കുന്നതാണ്.

**<u>9.സീഫുഡ് പാർക്ക്</u>**

തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ കോട്ടപ്പുറത്ത് ഒരു സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായി VISL ന്റെ സ്ഥലം മാറ്റി വച്ച് നടപടികൾ സ്വീകരിച്ചു വരുന്നു

**സെക്ഷൻ ഓഫീസർ**